"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാരം- സി.ബി.എൽ ലിമിറ്റഡ്-2023-24 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പേയ്മെന്റുകൾ നൽകുന്നതിനും, ജി.എസ്.ടി ഒടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സെൻട്രൽ GST ജോയിന്റ് കമ്മീഷണറുടെ ഉത്തരവിനെതിരെ സെൻട്രൽ GST കമ്മീഷണർക്ക് അപ്പിൽ പോകുന്നതിന് അനുവദിച്ച തുക ചെലവഴിയ്ക്കുന്നതിനുമായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.194/2025/TSM തീയതി,തിരുവനന്തപുരം, 30-03-2025

---

പരാമർശം:-

1. **07.02.2025 ലെ സ.ഉ (സാധാ) നം. 68/2025/TSM**
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 18.02.2025-ലെ DOT/13300/2023-P9 നം കത്ത്
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 20.02.2025-ലെ DOT/1635/2024-P9-Part(1) നം കത്ത്

**ഉത്തരവ്**

സി.ബി.എൽ ലിമിറ്റഡുമായി ബന്ധപ്പെട്ട ജി.എസ്.ടി ഒടുക്കുന്നത് സംബന്ധിച്ച 31.05.2024 ലെ സെൻട്രൽ GST ജോയിന്റ് കമ്മീഷണറുടെ ഉത്തരവിനെതിരെ സെൻട്രൽ GST കമ്മീഷണർക്ക് അപ്പിൽ പോകുന്നതിന്, ₹44,35,000/ (നാൽപ്പത്തിനാല് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം) "3452-80-800-20-00-00-00-P-V-Boat Race on League Basis" എന്ന CBL ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത തുക സി.ബി.എൽ ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിനായി, ആയതിന്റെ സീലിംഗ് പരിധി ഉയർത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. ഇതിനു പുറമെ, 2023-24 വർഷത്തെ സ്പിൽ ഓവർ പേയ്മെന്റുകൾ നൽകുന്നതിനും 2024-25 വർഷത്തെ CBL മത്സരങ്ങൾ നടത്തിയതിന്റെ

അടിയന്തര ചിലവുകൾ കൊടുത്തു തീർക്കുന്നതിനും, അതാത് വർഷത്തെ വകയിരുത്തലിൽ നിന്നും തന്നെ സി.ബി.എൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രാപ്തമാകുന്ന തരത്തിൽ നാളിതുവരെയുള്ള കുടിശിക ബില്ലുകൾ അനുവദിക്കുന്നതിലേക്കുമായി ₹ 6,06,37,290/- (ആറ് കോടി ആറ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുനൂറ്റി തൊണ്ണൂറ് രൂപ) "3452-80-800-20-00-00-00- പി വി ബോട്ട് റേസ് ഓൺ ലീഗ് ബേസിസ്" എന്ന ശീർഷകത്തിൽ നിന്നും അധിക ധനാനുമതി മുഖേന ലഭ്യമാക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം വിശദമായ ശിപാർശ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഇനത്തിൽ കൊടുത്തുതീർക്കാൻ ബാക്കിയുള്ള ₹1,22,02,290 രൂപ നൽകുന്നതിനും, പരാമർശം(1) പ്രകാരം, GST കമ്മീഷണറുടെ ഉത്തരവിനെതിരെ അപ്പീൽ പോകുന്നതിന് അനുവദിച്ച തുകയായ 44,35,000/- രൂപ നൽകുന്നതിനുമായി , "3452-80-800-20-00-00-00- പി വി ബോട്ട് റേസ് ഓൺ ലീഗ് ബേസിസ്" എന്ന ശീർഷകത്തിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ, ₹1,66,37,290/- (ഒരു കോടി അറുപത്തിആറ് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) കൂടി ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1.സി.ഇ.ഒ, സി.ബി.എൽ ലിമിറ്റഡ് & ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കയണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
3.ധനകാര്യ വകുപ്പ്(25.03.2025-ലെ 2799571/വ്യയം-ബി2/187/2024-ധന പ്രകാരം)
4.സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
5.വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6.ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
1. ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

Signed by Archana T
Date: 30-03-2025 17:57:10

2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. വിനോദസഞ്ചാര വകപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ.യ്ക്ക്